(ബി) എങ്കിൽ അതിനുപകരം സാമൂഹ്യക്ഷേമ വകുപ്പ് വഴി വേൾഡ് ഫുഡ് പ്രോഗ്രാം നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) കെയർ നിർത്തലാക്കുമ്പോൾ തൊഴിൽ രഹിതരായിത്തീരുന്ന ജീവനക്കാർ എത്ര പേരുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാന ഗവൺമെൻറ് അവർക്ക് സംരക്ഷണം നൽകുമോ?

സഹകരണവകുപ്പു മന്ത്രി (ശ്രീമതി എം. കമലം):

(എ) 1987 ജനുവരി മുതൽ കെയർ ലഭ്യമാക്കി വന്നിരുന്ന ഭക്ഷണ വിതരണം നിർത്തലാക്കി. അവ ലോക ഭക്ഷ്യ പരിപാടി ഏറെറടുക്കുന്ന മുറയ്ക്ക് കെയറിൻെറ കേരളത്തിലെ പ്രവർത്തനം നിർത്തലാകുന്നതാണ്.

(ബി) നടപ്പിലാക്കുന്നതാണ്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സംസ്ഥാന സർവ്വീസിലേക്കുള്ള നിയമനം പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ആയതിനാൽ ഈ ജീവനക്കാരെ സംസ്ഥാന സർവ്വീസിലേക്ക് എടുക്കുവാൻ പ്രയാസമാണ്.

അഴിമതി ആരോപണങ്ങൾക്ക് വിധേയമായിട്ടുള്ള സഹകരണ സംഘങ്ങളുടെ മേൽ നടപടി

* 157 [160] ശ്രീ. കെ. പങ്കജാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഴിമതി ക്രമരാഹിത്യം തുടങ്ങിയ ആരോപണങ്ങൾക്ക് വിധേയമായിട്ടുള്ള സഹകരണസംഘങ്ങളുടെ മേൽ സഹകരണവകുപ്പ് നടപടി നടത്തുന്നില്ല എന്ന് അടുത്ത കാലത്തു പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

സഹകരണ വകുപ്പു മന്ത്രി (ശ്രീമതി എം. കമലം):

പൊതുവേ അഴിമതി, ക്രമരാഹിത്യം തുടങ്ങിയ ആരോപണങ്ങൾക്ക് വിധേയമായിട്ടുള്ള സംഘങ്ങളുടെ മേൽ നിയമാനുസരണമുള്ള നടപടി സഹകരണ വകുപ്പ് സ്വീകരിക്കാറുണ്ട്. ചോദ്യത്തിൽ പറഞ്ഞിട്ടുള്ളതു പോലുള്ള പരാതി ലഭിച്ചിട്ടില്ല.

കേരള ഗ്രന്ഥശാലാസംഘം

* 158 [161] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളഗ്രന്ഥശാലാ സംഘത്തിൻെറ ഭരണം ഇപ്പോൾ ആരാണ് നിയന്ത്രിക്കുന്നത്;

(ബി) ഗ്രന്ഥശാലാസംഘം തിരഞ്ഞെടുപ്പ് എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ഇതിനായി ഒരു നിയമ ഭേദഗതികൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എപ്പോൾ ഇത് നിയമമാക്കാൻ കഴിയുമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly